# കോക്കനട്ട് ഒളിംപിക്സ്: ആവേശം തെങ്ങു കയറി

## നാടൻപാട്ടും മേളവുമായി കഞ്ഞിക്കുഴിയിൽ കോക്കനട്ട് ഒളിംപിക്സ്

കഞ്ഞിക്കുഴി ● കേരനിരകളാടുന്ന കഞ്ഞിക്കുഴിയുടെ ഹരിത ചാരു തീരത്തിൽ കോക്കനട്ട് ഒളിംപിക്സ്! പേരു കേട്ടു പേടിക്കേണ്ട, കോക്കനട്ട് ഒളിംപിക്സെന്നാൽ പച്ച മലയാളത്തിൽ തെങ്ങുകയറ്റ മൽസരമെന്നു കഞ്ഞിക്കുഴിക്കാർ പറയും. കരപ്പുറത്തെ ചൊരിമണലിൽ കാർഷികവിപ്ലവം നടത്തിയ കഞ്ഞിക്കുഴിക്കാരുടെ കേരവിപ്ലവം.

മൽസരത്തിനു ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും വിശിഷ്ടാതിഥികളായി, ആർപ്പുവിളിയും നാടൻപാട്ടും മേളവുമൊക്കെയായപ്പോൾ ആവേശവും തെങ്ങു കയറി... തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയിൽ നാളികേര വികസന ബോർഡും കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിലെ നാളികേര ഉൽപാദക സംഘം ജോയിന്റ് സമിതിയും ചേർന്നു കഞ്ഞിക്കുഴി ബ്ലോക്ക് ഓഫിസിനു സമീപം നടത്തിയ തെങ്ങുകയറ്റ മൽസരമായിരുന്നു രംഗം. നാലു തെങ്ങുകളിലായി 80 മീറ്റർ ഉയരത്തിൽ കയറുന്നവനാണു വിജയി. 10 വനിതകൾ ഉൾപ്പെടെ 25 പേർ മൽസരത്തിൽ പങ്കെടുത്തപ്പോൾ ആറു മിനിറ്റ് 31 സെക്കൻഡിൽ യന്ത്രം ഉപയോഗിച്ചു കയറി റിൻസ് മൈക്കിൾ തെങ്ങിന്റെ താരമായി. തെങ്ങുകയറ്റ യന്ത്രവും തിരിച്ചറിയൽ കാർഡും ഒരു വർഷത്തെ ഇൻഷുറൻസ് പരിരക്ഷയുമാണു വിജയിക്കു സമ്മാനമായി ലഭിച്ചത്.

രാവിലെ ആരംഭിച്ച മൽസരം ഉച്ച വരെ നീണ്ടു. തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയിൽ ഇതുവരെ മുന്നൂറിലധികം പേരാണു തെങ്ങുകയറ്റ പരിശീലനം നേടിയത്. തെങ്ങുകയറ്റം മാത്രമല്ല യോഗ, തെങ്ങിന്റെ സംരക്ഷണം, വിത്ത് തേങ്ങ സംഭരിക്കൽ, ഇളനീർ സംഭരണം തുടങ്ങിയവയും ഇവരെ പരിശീലിപ്പിക്കുന്നുണ്ട്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് യു. പ്രതിഭ ഹരി, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡി. പ്രിയേഷ്കുമാർ, റിട്ട. കൃഷി ഓഫിസർ ടി.എസ്. വിശ്വൻ തുടങ്ങിയവർ നേതൃത്വം നൽകി. സംഘടനകളുടെയും സ്ഥാപനങ്ങളുടെയും വിവിധ ആഘോഷങ്ങളിൽ കോക്കനട്ട് ഒളിംപിക്സും ഇനി മൽസര ഇനമാക്കണമെന്നു പരിപാടിയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.



**ചങ്ങാതിക്കൂട്ടം:** കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിൽ നാളികേര ഉൽപാദക സംഘം ജോയിന്റ് സമിതി നടത്തിയ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടിയിൽ പങ്കെടുത്തവർ പാടുന്ന പാട്ടിനൊപ്പം താളം പിടിക്കുന്ന ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് യു. പ്രതിഭ ഹരി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡി. പ്രിയേഷ്കുമാർ, ടി.എസ്. വിശ്വൻ എന്നിവർ. തെങ്ങുകയറ്റ മൽസരം നടക്കുമ്പോൾ മൽസരാർഥികളെ പ്രോൽസാഹിപ്പിക്കാനാണു കയ്യടിയും പാട്ടും.

ചിത്രം: ജാക്സൺ ആറാട്ടുകുളം.